"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനംവന്യജീവി വകുപ്പ്- വനംവകുപ്പിൽ ആനപാപ്പാനായി ജോലി നോക്കവേ മരണപ്പെട്ട ശ്രീ. കെ. തങ്കച്ചന്റെ മകൻ ശ്രീ. അനു മാത്യുവിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനംവകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനംവന്യജീവിവ(എഫ്) വകുപ്പ്

G.O.(Ms)No.8/2020/F&WLD തീയതി,തിരുവനന്തപുരം, 07/05/2020

പരാമർശം:- 1 സ.ഉ.(പി) നം.12/99/പി&എ.ആർ.ഡി തീയതി 24/05/1999.

2 സ.ഉ.(കൈ) നം.5/2018/പി&എ.ആർ.ഡി തീയതി 21/02/2018.

3 ശ്രീ. അനു മാത്യു, അനുഭവൻ,151, വാഴപ്പാറ കോളനി, മാങ്കോട് പി.ഒ പത്തനാപുരം 19.12.2017 ൽ സമർപ്പിച്ച അപേക്ഷയും, അനുബന്ധ രേഖകളും.

4 ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 06.10.2018, 24.12.2018 തീയതികളിലെ ഇ6-27835/18 നം. കത്തും, അനുബന്ധവും.

5 കൊല്ലം ജില്ലാ കളക്ടറുടെ 31.12.2019 ലെ DCKLM/1367/19-S4 നമ്പർ കത്തും,അനുബന്ധവും.

ഉത്തരവ്

വനം വകുപ്പിൽ തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷനിൽ കോട്ടൂർ അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് റെയ്ഞ്ചിൽ ആനപാപ്പാനായി ജോലി നോക്കവേ 18.07.2017 ൽഅന്തരിച്ച ശ്രീ. കെ. തങ്കച്ചന്റെ മകൻ ശ്രീ. അനു മാത്യു -ന് സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ പരാമർശം (3) പ്രകാരം സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (4) പ്രകാരം ഭരണവിഭാഗം ഉപമുഖ്യവനപാലകൻ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം പരാമർശം (5) പ്രകാരം കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരേതന്റെ മറ്റ് അനന്തരവകാശികൾ അപേക്ഷന് ജോലി നൽകുന്നതിന് സമ്മതപത്രവും നൽകിയിട്ടുണ്ട്. അപേക്ഷകൻ വിവാഹിതനാണ്. 31 വയസ്സ് പൂർത്തിയായിട്ടുണ്ട്. SSLC പാസ്സായിട്ടില്ല. ടിയാന്റെ കുടുംബ വാർഷിക വരുമാനം- 42000/- രൂപയാണെന്നാണ് പത്തനാപുരം വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ. തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷനിൽ കോട്ടൂർ അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് റെയ്ഞ്ചിൽ ആനപാപ്പാനായി ജോലി നോക്കവേ 18.07.2017 ൽ മരണപ്പെട്ട ശ്രീ. കെ. തങ്കച്ചന്റെ മകൻ ശ്രീ. അനു മാത്യുവിന് സമാശ്വാസ തൊഴിൽദാനപദ്ധതി

പ്രകാരം പത്തനംതിട്ട ജില്ലയിൽ വനം വകുപ്പിൽ 16500-35700 രൂപ ശമ്പള സ്കെയിലിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പത്തനംതിട്ട ജില്ലയിൽ നിലവിൽ ഒഴിവില്ലാത്ത പക്ഷം ഒഴിവുള്ള ജില്ലയിൽ ടിയാനെ നിയമിക്കാവുന്നതും പത്തനംതിട്ട ജില്ലയിൽ ഒഴിവ് വരുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ ടിയാന് പത്തനംതിട്ട ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകേണ്ടതുമാണ്.

3. അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി ടിയാന് നിയമനം നൽകികൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പുറപ്പെടുവിക്കുന്നതാണ്.

4. ഈ നിയമനം സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവന പുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. ഉത്തരവ് പുറപ്പെടുവിച്ച ശേഷം തെറ്റായ വസ്തുതകൾ ആധാരമാക്കിയാണ് ഉത്തരവ് പുറപ്പെടുവിച്ചത് എന്ന് പരിശോധനയിൽ തെളിഞ്ഞാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K.SURESHKUMAR
JOINT SECRETARY

മുഖ്യവനപാലകൻ & വനസേനാ മേധാവി, തിരുവനന്തപുരം.
ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം.
ശ്രീ. അനു മാത്യു , അനുഭവൻ, 151, വാഴപ്പാറ കോളനി, മാങ്കോട് പി.ഒ, പത്തനാപുരം, കൊല്ലം ജില്ല, 689694. (രജിസ്റ്റേഡ് തപാൽ, കൈപ്പറ്റ് രസീത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
വെബ്& ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SAJEEVAN M K
Date: 2020.05.07 12:56:34 IST
Reason: Approved
സെക്ഷൻ ഓഫീസർ

വനംവന്യജീവി(പാർലമെന്റ്)വകുപ്പ്.